# ഒരു വലൻറയിൻ ഗീതം



# സ്വപ്ന സുന്ദരി

**സുധീർ പണിക്കവീട്ടിൽ**








വാലൻറയിൻ ദിനം കൊണ്ടു വരുന്നതു
ഓർമ്മകളോ കുറെ നോവുകളോ
നിലാവു പോലൊരു കുമാരി വന്നെൻ
കരളിൽ കനവുകൾ നെയ്യുന്നു
കഴിഞ്ഞുപോയൊരു കൗമാരത്തിൻ
സാക്ഷയൂരി പോകുന്നു
തുറന്ന വാതിൽക്കൽ മിഴി നട്ടു നിന്നു - ഞാൻ
കാണുന്നു പൊയ്പോയ കാല ചിത്രം

പെരുവിരൽ കൊണ്ടൊരു പെൺകുട്ടിയെഴുതിയ
പ്രണയം തുളുമ്പുന്ന, പ്രേമ കാവ്യം
കുറുനിര പാറുന്ന കവിളത്തനുരാഗ
സ്വപ്നങ്ങൾ ചാലിച്ച വർണ്ണങ്ങൾ
മയ്യണികണ്ണിലൊരു കള്ള നാണത്തിൻ
മിന്നും മിന്നാമിനുങ്ങ് കൂട്ടം
പാവാട തുമ്പിലുരുമ്മി തരിക്കുന്ന
പാദസരത്തിൻ കിലു കിലുക്കം
പുഞ്ചിരി പാലാഴി തിരകൾ തിരയുന്ന
കരളിന്റെ ഏകാന്ത പ്രണയ തീരം
മഞ്ഞണി കുളിർ നിലാവേറ്റു മയങ്ങും
നിശകളെ പുൽകിയ പൊൻ കിനാക്കൾ
ചന്ദ്രകാന്ത കല്ലു കൊണ്ടു നിലാവിൽ
പണിയുന്ന മോഹത്തിൻ ടാജ് മഹൽ
മകരം വിറക്കുന്ന മാഞ്ചുവട്ടിൽ- വള
പൊട്ടുകൾ വീഴും നിഴൽ പായകൾ
അവിടെ കഥകളി മുദ്രകളാടിയ
പൊൻകളിത്തട്ടുകൾ, ആട്ടവിളക്കുകൾ
സാന്ദ്രമൗനങ്ങളിൽ മുങ്ങി വന്നെത്തുന്ന
പൊന്മതൻ പൂട്ടിയ ചെഞ്ചുണ്ടുകൾ
പൊന്നണി കൈവിരൽ തുമ്പു മുക്കി
പൊട്ടു കുത്തും വെയിൽ കന്യകമാർ
ശുഭ്രമേഘങ്ങൾ ഞൊറിഞ്ഞുടുക്കും
മുഗ്ദ്ധഭാവങ്ങൾ തൻ സുസ്മിതങ്ങൾ
മനസ്സറിയാതെ നാം ചോദിച്ച ചോദ്യങ്ങൾ
മൗനങ്ങൾ നൽകിയ മറുപടികൾ

കൂട്ടി പെറുക്കിയടുക്കുന്നു, കാലം-
തട്ടി തെറുപ്പിച്ചാ സ്പ്നപാത്രം
ഓർമ്മകൾ ഒക്കത്തു വയ്ക്കുമാ പാത്രം
തുള്ളി തുളുമ്പുന്നു ഈ ദിനത്തിൽ

**ശുഭം**